(സി) സ്മാർട്ട് വില്ലേജ് പദ്ധതി നടത്തിപ്പിനായി ആദ്യഘട്ടമായി 14 വില്ലേജ് ഓഫീസുകളെ നവീകരിച്ച് സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറ്റുന്നതിന് തീരുമാനിക്കുകയും ആയതിൽ 13 വില്ലേജ് ഓഫീസുകളുടെ നിർമ്മാണം ഹാബിറ്റാറ്റ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തുകയും മലപ്പുറം ജില്ലയിലെ അമരമ്പലം വില്ലേജ് ഓഫീസിന്റെ നിർമ്മാണം ജില്ലാ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിക്കുകയും ചെയ്തു.

പ്രസ്തുത വില്ലേജുകളുടെ നിർമ്മാണത്തിന് ആകെ 1 കോടി 60 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും മേൽ തുക വിനിയോഗിച്ചുകൊണ്ട് 14 ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വില്ലേജുകളുടെ നവീകരണം കണ്ണൂർ ജില്ലയിലൊഴികെ പൂർത്തിയായിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ നവീകരണ പ്രവർത്തനം ഏകദേശം 90% പൂർത്തിയായിട്ടുണ്ട്.

സ്മാർട്ട് വില്ലേജ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പുതിയ സ്മാർട്ട് വില്ലേജ്

ഓഫീസുകളുടെ നിർമ്മാണത്തിനായി 3.29 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട്, വയനാട്, കണ്ണൂർ തുടങ്ങി 8 ജില്ലകളിലായി 11 വില്ലേജ് ഓഫീസുകൾ സ്മാർട്ട് റവന്യൂ ഓഫീസ് മാതൃകയിൽ നിർമ്മിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതുമാണ്. പ്രസ്തുത വില്ലേജ് ഓഫീസുകളിൽ 10 എണ്ണം പ്ലാൻ ഫണ്ടിൽ നിന്നും ഒരെണ്ണം എം.എൽ.എ. ഫണ്ടിൽ നിന്നുമുള്ള തുക വിനിയോഗിച്ചുകൊണ്ട് അതാത് ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ മുഖേനയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

സ്മാർട്ട് വില്ലേജ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട് തുടങ്ങി 5 ജില്ലകളിലായി 8 വില്ലേജ് ഓഫീസുകൾ സ്മാർട്ട് റവന്യൂ ഓഫീസ് മാതൃകയിൽ നിർമ്മിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതാണ്. പ്രസ്തുത വില്ലേജ് ഓഫീസുകളുടെ നിർമ്മാണത്തിന് 2.56 കോടി രൂപയ്ക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്.

അന്യസംസ്ഥാനങ്ങളിലുള്ള സർക്കാർ ഭൂമി

117 (5199) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് പുറത്ത് എവിടെയെല്ലാം സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ ഭൂമിയുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവ ഏതെല്ലാം സംസ്ഥാനങ്ങളിൽ എത്ര അളവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഭൂമി നിലവിൽ ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ട് ; വിശദമാക്കാമോ ;

(ഡി) സംസ്ഥാനത്തിന്റെ ഉടമസ്ഥതയിൽ അന്യസംസ്ഥാനങ്ങളിലുള്ള ഭൂമിയിൽ കയ്യേറ്റം നടന്നിട്ടുള്ളതായി അറിയാമോ ; ഇതു സംബന്ധിച്ച് കണക്ക് ലഭ്യമാണോ ; എവിടങ്ങളിലെല്ലാമാണ് കയ്യേറ്റം നടന്നിട്ടുള്ളത് ;

(ഇ) സംസ്ഥാനത്തിന്റെ ഉടമസ്ഥതയിൽ അന്യസംസ്ഥാനങ്ങളിലുള്ള ഭൂമി സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ഏതെങ്കിലും വിധത്തിൽ നൽകിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(എഫ്) ഇതിൽ തർക്കങ്ങളിലോ കേസുകളിലോ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(ഡി) അറിയാം. പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത സ്മാരകമായ പത്മനാഭപുരം കൊട്ടാരം ഉൾപ്പെടുന്ന 6 ഏക്കർ 30 സെന്റ് സ്ഥലത്ത് കൊട്ടാര വളപ്പിന് വെളിയിലായി ഏകദേശം 12.5 സെന്റിന്റെ കുറവ് വന്നിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ വസ്തു കണ്ടെത്തുന്നതിനായി കേരള-തമിഴ്നാട് സർക്കാരുകളുടെ പ്രതിനിധികൾ ചേർന്ന് ജോയിന്റ് സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ടി കൊട്ടാരം സ്ഥിതിചെയ്യുന്ന സ്ഥലത്ത് 15 സെന്റ് സ്ഥലം ഒരു സ്വകാര്യ വ്യക്തിയുടെ കൈവശത്തിലാണെന്നും കണ്ടെത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള തെങ്കാശി താലൂക്കിലെ കുറ്റാലം കൊട്ടാരം സ്ഥിതി ചെയ്യുന്ന 55.60 ഏക്കർ സ്ഥലത്ത് ഹിന്ദു റിലീജിയസ് ചാരിറ്റബിൾ എൻഡോവ്മെന്റ് എന്ന സംഘടന 20.5 സെന്റ് ഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത 55.60 ഏക്കർ വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് തിരുവിതാംകൂർ മഹാരാജാവിന്റെ പിൻഗാമിയും തമിഴ്നാട് കേരള സർക്കാരുകളുമായും ഒരു കേസ് മദ്രാസ് ഹൈക്കോടതിയുടെ മധുര ബഞ്ചിൽ നിലവിലുണ്ട്. പ്രസ്തുത കേസിൽ ഈ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അനുവർത്തിച്ചിട്ടുണ്ട്. 1964-ൽ ഡൽഹി കപൂർത്തല പ്ലോട്ടിൽ നിന്നും 2 ഏക്കർ

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലം കേരള എഡ്യൂക്കേഷൻ സൊസൈറ്റിക്ക് വിട്ടുനൽകിയിട്ടുണ്ട്. ചെന്നൈ നങ്കംപക്കം വില്ലേജിൽ ഗ്രീൻസ് റോഡിൽ ഉണ്ടായിരുന്ന 8 ഏക്കർ സ്ഥലത്തുനിന്നും 3.05 ഏക്കർ സ്ഥലം ആശാൻ മെമ്മോറിയലിനും 3 ഏക്കർ സ്ഥലം അപ്പോളോ ആശുപത്രിക്കും വിട്ടു നൽകിയിരുന്നു. ബാക്കിയുള്ള 1.40 ഏക്കർ സ്ഥലം 3 വശത്തുമുള്ള റോഡുകൾക്കും തമിഴ്നാട് പോലീസ് ക്വർട്ടേഴ്സിനുമായി കയ്യേറുകയും 0.55 ഏക്കർ സ്ഥലം കെ.ടി.ഡി.സി.ക്ക് പാട്ടത്തിന് നൽകുകയും ചെയ്തു. മറ്റുള്ള സ്ഥലങ്ങളിൽ കയ്യേറ്റം നിലവിലില്ല.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

ദുരന്ത നിവാരണ അതോറിറ്റി

118 (5200) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത് ;

(സി) പ്രവർത്തനം നടപ്പിൽ വരുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) റവന്യൂ ദുരന്ത നിവാരണ വകുപ്പ്, ആഭ്യന്തര വകുപ്പ്, ശാസ്ത്രസാങ്കേതിക വകുപ്പ്, കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, വ്യവസായ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ജല വിഭവ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പ്രവർത്തിക്കുന്നത്. അതോറിറ്റിയെ സഹായിക്കാനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറുമായി സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയും പ്രവർത്തിക്കുന്നു. ജില്ലകളിൽ ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കോ-ചെയർമാനുമായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly